
**ഗവൺമെന്റ് ഈമെയിൽ ഐഡി / ഈഓഫീസ് ലോഗിൻ ഐഡി expire ആകുന്നത് ഒഴിവാക്കുന്ന രീതി**




ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ ഒരു എസ്എംഎസ് എല്ലാവർക്കും ലഭിച്ചിട്ടുണ്ടാകും. ഇതിനായി ചുവടെ പറയുന്നതുപോലെ ചെയ്യുക.
mail.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക. ഗവൺമെന്റ് മെയിൽ ഐഡി എന്റർ ചെയ്യുക. (eg: name.pen@kerala.gov.in or namepen@kerala.gov.in)

- This account does not exist എന്ന് കാണിക്കുകയാണെങ്കിൽ email.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിക്കുക. ഈമെയിൽ ഐഡിയും പാസ്സ്‌വേർഡും (ഈഓഫീസ് പാസ്സ്‌വേർഡ് ആയിരിക്കും ഇമെയിലിന്റെ പാസ്സ്‌വേർഡ്) എന്റർ ചെയ്ത ശേഷം കവച് ആപ്പിൽ കാണുന്ന ആറ് അക്ക നമ്പർ പാസ്സ്‌വേർഡ് കൂടെ ചേർത്തശേഷം സൈൻ ഇൻ ബട്ടൺ അമർത്തുക. അപ്പോൾ ഇമെയിൽ ലോഗിൻ ആകുന്നതാണ്.

  Kavach ആപ്പ് മൊബൈലിൽ സെറ്റ് ചെയ്യാത്തവർ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. (https://play.google.com/store/apps/details?id=com.gov.in) ഡൗൺലോഡ് ചെയ്ത ശേഷം ആപ്പ് ഓപ്പൺ ചെയ്ത ഇമെയിൽ ഐഡിയും പാസ്‌വേഡും നൽകി ഡിക്ലറേഷൻ ടിക്ക് കൊടുത്ത് സൈൻ ഇൻ ചെയ്യാം. അപ്പോൾ ഒ ടി പി വരുന്നതും ആ ഒ ടി പി എന്റർ ചെയ്ത സബ്മിറ്റ് ചെയ്താൽ kavach ആപ്പിൽ പ്രവേശിക്കാൻ കഴിയും. ഇവിടെ ഹോം പേജിൽ കാണുന്ന ആറ് അക്ക നമ്പർ ആണ് ഇമെയിലിൽ ലോഗിൻ ചെയ്യുമ്പോൾ പാസ്സ്‌വേർഡിന്റെ കൂടെ ചേർക്കേണ്ടത്.

- mail.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ഇമെയിൽ ഐഡി കൊടുത്ത് next click ചെയ്യുമ്പോൾ പാസ്സ്‌വേർഡ് സെറ്റ് ചെയ്തിട്ടില്ല എന്ന് കാണിക്കുകയാണെങ്കിൽ set password button click ചെയ്യുക. ക്യാപ്ച്ച എന്റർ ചെയ്ത ശേഷം മൊബൈൽ നമ്പർ എന്റർ ചെയ്യുക. മൊബൈലിൽ വരുന്ന ഓ ടി പി എന്റർ ചെയ്ത് ന്യൂ പാസ്സ്‌വേർഡ് നൽകുക. അതിനുശേഷം വരുന്ന പേജ് fill ചെയ്തതിനുശേഷം preview and submit കൊടുക്കാം. ഇപ്പോൾ ഇമെയിൽ ലോഗിൻ ആകുന്നതാണ്.
- mail.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ഇമെയിൽ ഐഡി കൊടുത്ത് next click ചെയ്യുമ്പോൾ പാസ്‌വേഡ് എന്റർ ചെയ്യാനുള്ള പേജ് വരികയാണെങ്കിൽ നിങ്ങളുടെ പാസ്‌വേഡ് എന്റർ ചെയ്ത് ഓ ടി പി കൂടെ എന്റർ ചെയ്ത് ഇമെയിൽ login ചെയ്യേണ്ടതാണ്.